പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6344 | 08.11.2016 ൽ മറുപടിയ്ക്ക് |
|---|---|
| **പെൺകുട്ടികളുടെ എണ്ണത്തിൽ കുറവ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.റ്റി.വി.രാജേഷ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം കണ്ടെത്തുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | സംസ്ഥാനത്തെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ ആനുവൽ സർവ്വേയിലൂടെ ശേഖരിക്കുന്നുണ്ട്. ആയത് 2011 ലെ കാനേഷുമാരി കണക്കുമായി താരതമ്യം ചെയ്തതിൽ പെൺകുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011 ലെ കാനേഷുമാരി കണക്ക് പ്രകാരം സംസ്ഥാനത്തെ child sex ratio 964 ആണ്. 2015-16 ICDS ആനുവൽ സർവ്വേ പ്രകാരം ആയത് 961 ആണ്. തൃശ്ശൂർ ജില്ലയിൽ child sex ratio 2001 ലെ കാനേഷുമാരി കണക്ക് പ്രകാരം 958 ആയിരുന്നത് 2011 ലെ കാനേഷുമാരിയിൽ 950 ആയി കുറഞ്ഞു. ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും നിലവിൽ ടി പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ